# കേരള സർവകലാശാല

നം. പി.ആർ.140/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബിരുദ പ്രവേശനത്തിനുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ്

കേരള സർവകലാശാലയുടെ 2017–18 വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ 26.06.2017–ന് പ്രസിദ്ധപ്പെടുത്തും. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാം. ഒന്നും, രണ്ടും ഘട്ടങ്ങളിൽ അലോട്ട്മെന്റ് ലഭിക്കാത്തതും എന്നാൽ മൂന്നാം ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്ത അപേക്ഷകർ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത ശേഷം അഡ്മിഷൻ ഫീസ് അടയ്ക്കുന്നതിനുള്ള ചെലാൻ പ്രിന്റൗട്ട് എടുത്ത് എസ്.ബി.ഐ. യുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1525/– രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 840/– രൂപയുമാണ്. ഇവർ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം (ജേർണൽ നമ്പർ) യഥാസമയം http://admissions.keralauniversity.ac.in –ൽ നൽകി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതും അലോട്ട്മെന്റ് ലഭിച്ച കോളേജിൽ എത്തി അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന പ്രകാരം അഡ്മിഷൻ എടുക്കണം. അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം (ജേർണൽ നമ്പർ) യഥാസമയം ചേർക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകും. ഇങ്ങനെയുള്ളവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല. ഒന്ന്,രണ്ട് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ചവർ (അഡ്മിഷൻ ഫീസ് അടച്ച് ആ വിവരം യഥാസമയം വെബ്സൈറ്റിൽ ചേർത്തവർ മാത്രം) മൂന്നാം ഘട്ട അലോട്ട്മെന്റിൽ ഹയർ ഓപ്ഷനുകളിൽ ഏതെങ്കിലും ലഭിച്ചാൽ അഡ്മിഷൻ ഫീസ് വീണ്ടും അടയ്ക്കേണ്ടതില്ല. ഒന്ന്, രണ്ട്, മൂന്ന് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച് സീറ്റ് ഉറപ്പാക്കിയ അപേക്ഷകർക്ക് ജൂൺ 26–ാം തീയതി മുതൽ ആപ്ലിക്കേഷൻ നമ്പറും പാസ്വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാം.ഒന്ന്, രണ്ട്, മൂന്ന് അലോട്ട്മെന്റുകൾ വഴി അലോട്ട്മെന്റ് ലഭിച്ചവർക്ക് മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ കോളേജിൽ പ്രവേശനം നേടാം. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ടമെന്റ് മെമ്മോയിൽ നിന്ന് ലഭിക്കും. യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക). മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കണം. ഇപ്രകാരം നിശ്ചിത സമയത്തിനുള്ളിൽ അഡ്മിഷൻ എടുക്കാത്തവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ടമെന്റുകളിൽ പരിഗണിക്കുന്നതല്ല. ഇങ്ങനെയുള്ളവരുടെ സീറ്റുകൾ റദ്ദാകുന്നതും ആ സീറ്റുകൾ തുടർന്നുള്ള അലോട്ട്മെന്റുകളിലേയ്ക്ക് പരിഗണിക്കുന്നതുമാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിയ്ക്കപ്പെടേണ്ടതിനായി അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കണം.

അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ സംതൃപ്തരാണെങ്കിൽ അഡ്മിഷൻ എടുത്തശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ ജൂലൈ ഒന്ന് വൈകുന്നേരം അഞ്ച് മണിയ്ക്കുള്ളിൽ നീക്കം ചെയ്യണം. നിലനിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്ന് വരുന്ന അലോട്ട്മെന്റിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്. മതിയായ കാരണത്താൽ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിരി ക്കുന്ന സമയത്തും തീയതിയിലും ഹാജരാകാൻ കഴിയാത്ത വിദ്യാർത്ഥിക്ക് ജൂലൈ ഒന്നിന് ബന്ധപ്പെട്ട കോളേജുകളിൽ ഹാജരായി പ്രവേശനം നേടാം.

## പരീക്ഷകൾ മാറ്റി

കേരള സർവകലാശാല ജൂൺ 26-ന് നടത്താനിരുന്ന ആറാം സെമസ്റ്റർ ബി. ആർക് (2013 സ്കീം) സ്ട്രക്ച്ചറൽ ഡിസൈൻ അഞ്ച്- അഡ്വാൻസ്ഡ് സ്ട്രക്ച്ചറൽ സിസ്റ്റംസ് പരീക്ഷ ജൂൺ 27-ലേക്കും, രണ്ടാം വർഷ എൽ. എൽ.ബി(ത്രിവത്സരം), നാലാം വർഷ എൽ.എൽ.ബി(പഞ്ചവത്സരം) ഡിഗ്രി (മേഴ്സി ചാൻസ് 1998 അഡ്മിഷൻ)പരീക്ഷയുടെ പാർട്ട് മൂന്ന് -പേപ്പർ രണ്ട് പ്രൊഫഷണൽ എത്തിക്സ്, അക്കൗണ്ടൻസി ഫോർ ലോയേർസ് ആന്റ് ബാർ ബെഞ്ച് റിലേഷൻസ് പരീക്ഷ ജൂൺ 28-ലേക്കും, മൂന്നാം സെമസ്റ്റർ ബി.എ ച്ച്.എം.സി.റ്റി ഡിഗ്രി (2014,2011&2006 സ്കീം) ബേസിക് അക്കൗണ്ടിംഗ് പരീക്ഷ ജൂൺ 30-ലേക്കും, പി.ജി ഡിപ്ലോമ ഇൻ ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റിന്റെ പേപ്പർ നാല്- ലേബർ ലജിസ്ലേഷൻ പരീക്ഷ ജൂൺ 30-ലേക്കും, പി.ജി ഡിപ്ലോമ ഇൻ മാർക്കറ്റിംഗ് മാനേജ്മെന്റിന്റെ പേപ്പർ നാല്- ഇന്റർനാഷ്ണൽ മാർക്കറ്റിംഗ് പരീക്ഷ ജൂൺ 30-ലേക്കും, പി.ജി ഡിപ്ലോമ ഇൻ ട്രാവൽ ആന്റ് ടൂറിസം മാനേജ്മെന്റിന്റെ പേപ്പർ നാല്- ഫിനാൻഷ്യൽ മാനേജ്മെന്റ് പരീക്ഷ ജൂൺ 30-ലേക്കും, ഫൈനൽ ബി.ഡി.എസ് - പാർട്ട് ഒന്ന് (2008-ന് മുമ്പുള്ളത്)ന്റെ പീഡോഡോൺറ്റിക്സ് പരീക്ഷ ജൂൺ 30-ലേക്കും, ഫൈനൽ ബി.ഡി.എസ് - പാർട്ട് ഒന്ന് (2008- സ്കീം)ന്റെ പെഡോ ഡോൺറ്റിക്സ് ആന്റ് പ്രിവന്റീവ് ഡെന്റിസ്ട്രി പരീക്ഷ ജൂലൈ മൂന്നിലേക്കും, രണ്ടാം സെമസ്റ്റർ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്)യുടെ ഓഡിറ്ററി ഫിസിയോളജി പരീക്ഷ ജൂലൈ മൂന്നിലേക്കും, ആറാം സെമസ്റ്റർ ബി.കോംമിന്റെ (ഹിയറിംഗ് ഇംപയേർഡ്) ഇ-കൊമേഴ്സ് പരീക്ഷ ജൂലൈ മൂന്നിലേക്കും, നാലാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (പഴയ സ്കീം)യുടെ ബി 4.3 ഡയഗണോസ്റ്റിക് ഓഡിയോളജി പാർട്ട് രണ്ട് പരീക്ഷ ജൂലൈ നാലി ലേക്കും, എട്ടാം സെമസ്റ്റർ ബി.ആർക്ക് (2008 സ്കീം) -ന്റെ ട്രൻസ്പ്പോട്ടേഷൻ പ്ലാനിംഗ്/വെർണാക്കുലർ ആർക്കിട്ടക്ച്ചർ പരീക്ഷ ജൂലൈ ഏഴിലേക്കും, നാലാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്)യുടെ ബി 4.3 ഡയഗ ണോസ്റ്റിക് ഓഡിയോളജി പാർട്ട് രണ്ട് പരീക്ഷ ജൂലൈ 11-ലേക്കും മാറ്റിവച്ചു. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

## ശുചീകരണ യജ്ഞം

പകർച്ചപ്പനി നിവാരണത്തിനായി യുദ്ധകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തുട നീളം ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ഈ മാസം 27, 28, 29 തീയതികളിൽ സമ്പൂർണ ശചീകരണ യജ്ഞം നടത്തുവാൻ കേരള

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ എൻ.എ സ്.എസ് പ്രോഗ്രാം ഓഫീസർമാർക്ക് കേരള സർവകലാശാല എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. എസ് വേണുമോഹൻ നിർദേശം നൽകി. ഇതോടൊപ്പം മുന്നൂറോളം എൻ.എസ്.എസ് വോളന്റിയർമാരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ഏകദിന ശുചിത്വ യജ്ഞം ഈ മാസം 30-ാം തീയതി കേരള സർവകലാശാല ആസ്ഥാനത്ത് നടത്തുമെന്ന് പ്രോഗ്രാം കോ-ഓർഡിനേറ്റർ അറിയിച്ചു.

## ബി.സി.എ ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി. ബി.സി.എസ് കരിയർ റിലേറ്റഡ് ബി.സി.എ (2014 സ്കീം-റഗുലർ, 2013 സപ്ലി മെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സംഗീത കൈരളി സംഗീതോത്സവം

കേരള സർവകലാശാല സംഗീതവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ജൂൺ 27, 28, 29 തീയതികളിൽ സംഗീതവിഭാഗം ഓഡിറ്റോറിയത്തിൽ വച്ച് സംഗീത കൈരളി എന്ന പേരിൽ മഹാരാജ സ്വാതിതിരുനാളിന്റേയും കേരളത്തിൽ ജീവിച്ചിരുന്ന മറ്റ് വാഗ്ഗേയകാരന്മാരുടെയും കൃതികൾ കോർത്തിണക്കി കൊണ്ടുള്ള സംഗീതോത്സവം സംഘടിപ്പിക്കുന്നു. ബഹു. സർവകലാശാല പ്രോ വൈസ്ചാൻസലർ ഡോ. എൻ. വീരമണികണ്ഠൻ ഉദ്ഘാടനവും ഡിപ്പാർട്ട്മെന്റ് ജേർണൽ നാദാമൃതത്തിന്റെ ഒൻപതാം പതിപ്പിന്റെ പ്രകാശ നവും നടത്തും. ഈ വർഷത്തെ കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡിന് അർഹയായ പ്രമുഖ സംഗീതജ്ഞ ഡോ. കെ. ഓമനക്കുട്ടിയെ ചടങ്ങിൽ ആദരിക്കും. തുടർന്ന് സ്വാതി സദസ്യ മാലിക എന്ന സിമ്പോസി യവും നടത്തുന്നുണ്ട്.

## റഷ്യൻ ഇന്റഗ്രേറ്റഡ് ഡിപ്ലോമ കോഴ്സ് സീറ്റൊഴിവുണ്ട്

കേരള സർവകലാശാലയുടെ റഷ്യൻ ഭാഷാ പഠന വകുപ്പ് നടത്തുന്ന റഷ്യൻ ഇന്റഗ്രേറ്റഡ് ഡിപ്ലോമ കോഴ്സിന് ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് ജൂലൈ പത്ത് വരെ അപേക്ഷിക്കാം. താൽപര്യമുള്ളവർ കേരള സർവകലാശാല സെനറ്റ് ഹൗസ് കൃമ്പസിൽ പ്രവർത്തിക്കുന്ന റഷ്യൻ വകുപ്പുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. ഫോൺ: 0471-2386321.

## ബി.എസ്.സി ഇലക്ട്രോണിക്സ് ഫലം

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ (റീസ്ട്രക്ച്ചേർഡ്) ബി.എസ്.സി ഇലക്ട്രോണിക്സ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ (കരിയർ റിലേറ്റഡ്) ബി.എസ്സി ബോട്ടണി ആന്റ് ബയോടെക്നോളജി, ബി. എസ്സി ബയോടെക്നോളജി (മൾട്ടിമേജർ) 2(ബി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയ

ത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ പത്ത് വരെ ഓൺലൈനായി അപേക്ഷിക്കാം.

## എം.എസ്സി എൻവയോൺമെന്റൽ സയൻസ് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എം.എസ്സി എൻവയോൺമെന്റൽ സയൻസ് 2015–17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. അനുറാണി.ജി.ആർ (ENS150505/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## ബി.എസ്സി ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്സി ഫിസിക്സ് ആന്റ് കംമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എസ്സി കെമിസ്ട്രി ആന്റ് ഇന്റസ്ട്രിയൽ കെമിസ്ട്രി, ബി.എസ്സി എൻവയോൺമെന്റൽ സയൻസ് ആന്റ് വാട്ടർ മാനേജ്മെന്റ് (ഗ്രൂപ് 2 എ), ബി.എസ്സി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസ് (ഗ്രൂപ് 2 ബി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എച്ച്.എം പ്രാക്റ്റിക്കൽ

കേരള സർവകലാശാല ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം)പ്രാക്റ്റിക്കൽ പരീക്ഷകൾ ജൂലൈ മൂന്ന് മുതൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ 17–ന് ആരംഭിക്കുന്ന ബി.എ ആന്വൽ സ്കീം പാർട്ട് ഒന്നും രണ്ടും (റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെയും 18–ാം തീയതി ആരംഭിക്കുന്ന ബി.പി.എ മേഴ്സി ചാൻസ് അഫ്സൽ-ഉൽ-ഉലാമ പാർട്ട് ഒന്നും രണ്ടും പരീക്ഷയുടെയും ടൈംടേബിൾ പ്രസിദ്ധീകരിച്ചു. ഓൺലൈനായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് ജൂലൈ 10–ാം തീയതി മുതൽ 16–ാം തീയതി വരെ വെബ്സൈറ്റിൽ നിന്ന് ഹോൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാം. മറ്റുള്ളവർ അതത് പരീക്ഷാകേന്ദ്രത്തിൽ നിന്ന് നേരിട്ട് കൈപ്പറ്റണം. വിശദവിവരം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ പരീക്ഷാഫലം

കേരള സർവകലാശാലയുടെ ബി.എ ആന്വൽ സ്കീം പാർട്ട് ഒന്ന് പരീക്ഷയുടെ കാട്ടാക്കട ക്രിസ്റ്റ്യൻ കോളേജിലേയും പെരിങ്ങമല ഇക്ബാൽ കോളേജിലേയും തടഞ്ഞുവച്ച പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാലയുടെ പാർട്ട് മൂന്ന് ബി.കോം ആന്വൽ സ്കീം (ഇ.ഡി.പി.സി.എ) പ്രാക്ടിക്കൽ പരീക്ഷ ജൂൺ 30–ന് 10 മണി മുതൽ പാളയം എസ്.ഡി.ഇ-യിൽ വച്ച് നടക്കും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഹാജരാകണം.

## എം.സി.എ ടൈംടേബിള്‍

കേരള സര്‍വകലാശാല ജൂലൈ നാലിന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റര്‍ (2015 സ്കീം റഗുലര്‍ ആന്റ് സപ്ലിമെന്ററി) എം.സി.എ പരീക്ഷയുടെ ടൈംടേബിള്‍ വെബ്സൈറ്റില്‍ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്‌സി കമ്പ്യൂട്ടര്‍ സയന്‍സ് / ബി.സി.എ ഫലം

കേരള സര്‍വകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2016 ഒക്ടോബറില്‍ നടത്തിയ രണ്ടാം വര്‍ഷ ബി.എസ്‌സി കമ്പ്യൂട്ടര്‍ സയന്‍സ് / ബി.സി.എ റഗുലര്‍ (ഓണ്‍ലൈന്‍) സപ്ലിമെന്ററി ന്യൂ സ്കീം (2013 മുതലുള്ളത്) പഴയ സ്കീം (2013 മുമ്പുള്ളത്) ഡിഗ്രി പരീക്ഷകളുടെ ഫലം വെബ്സൈറ്റില്‍ (www.keralauniversity.ac.in) ലഭിക്കും. പുനര്‍മൂല്യനിര്‍ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് പത്ത് വരെ ഓണ്‍ലൈനായി അപേക്ഷിക്കാം.

## ബി.എസ്.ഡബ്ലിയു ഫലം

കേരള സര്‍വകലാശാല 2016 നവംബറില്‍ നടത്തിയ അഞ്ചാം സെമസ്റ്റര്‍ കരിയര്‍ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്.ഡബ്ലിയു (315) (2014 അഡ്മിഷന്‍ റഗുലര്‍) പരീക്ഷ ഫലം വെബ്സൈറ്റില്‍ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ എല്‍.എല്‍.ബി പരീക്ഷ

കേരള സര്‍വകലാശാല ആഗസ്റ്റ് ഏഴിന് ആരംഭിക്കുന്ന പത്താം സെമസ്റ്റര്‍ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ എല്‍.എല്‍.ബി പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂലൈ ഏഴ് (50 രൂപ പിഴയോടെ ജൂലൈ 10, 125 രൂപ സൂപ്പര്‍ ഫൈനോട് കൂടി ജൂലൈ 12) വരെ ഫീസടച്ച് അപേക്ഷിക്കാം വിശദവിവരങ്ങള്‍ വെബ്സൈറ്റില്‍ (www.keralauniversity.ac.in) ലഭിക്കും.

## തീയതി നീട്ടി.

കേരള സര്‍വകലാശാല ജൂണ്‍ 24, 26 തിയതികളില്‍ പരീക്ഷാഫീസ് അടക്കുന്നതിന് അവസാന തീയതിയായി നിശ്ചയിച്ചിട്ടുള്ള മൂന്നാം സെമസ്റ്റര്‍ എല്‍.എല്‍.ബി, നാല്, ഒന്‍പത് സെമസ്റ്റര്‍ ബി.ആര്‍ക് പരീക്ഷകളുടെ ഫീസടയ്ക്കാനുള്ള അവസാന തീയതി ജൂണ്‍ 27 വരെ നീട്ടി.

തിരുവനന്തപുരം.
24.06.2017

പബ്ലിക് റിലേഷന്‍സ് ഓഫീസര്‍

അംഗീകാരത്തോടെ,

സെക്ഷന്‍ ഓഫീസര്‍

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098